(ബി) അപേക്ഷ നിരസിക്കപ്പെട്ടവർക്ക് പ്രത്യേക പരീക്ഷ നടത്തുന്നതിനുപകരം എല്ലാവർക്കും പങ്കെടുക്കാവുന്ന ഒരു പൊതുപരീക്ഷ നടത്തുന്നതിനുവേണ്ടി ബോർഡിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) സർക്കാരിനു ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

45 (333) ഗസറ്റഡ് ഓഫീസർമാരുടെ തൊഴിൽ നികുതി

ശ്രീ. പി.ടി. കുഞ്ഞി മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗസറ്റഡ് ഓഫീസേഴ്സിന്റെ ശമ്പളത്തിൽനിന്നും അവർ അടയ്ക്കേണ്ട തൊഴിൽ നികുതി നേരിട്ട് പിടിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

നേരിട്ട് ശമ്പളം എഴുതി എടുക്കുന്നവർക്ക് തൊഴിൽ നികുതിയുടെ കാര്യത്തിൽ മാത്രം ഒരു പ്രത്യേക സമ്പ്രദായം കൊണ്ടുവരാൻ കഴിയുകയില്ല.

46 (334) വനം കയ്യേറ്റവും നശീകരണവും തടയാൻ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം കയ്യേറ്റവും വന നശീകരണവും തടയുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ വനഭൂമി മുഴുവൻ സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരത്തക്കവിധം ഈ നിയമങ്ങൾ കർശനമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വനം കയ്യേറ്റവും നശീകരണവും ബന്ധപ്പെട്ട കോടതി കേസ്സുകൾ ഉണ്ടാകുമ്പോൾ ഉദ്യോഗസ്ഥൻമാർ വേണ്ടത്ര ജാഗ്രത പാലിക്കാറില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കാൻ ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly